ഖുത്വ്ബ
6.05.2005
കെനിയ

# സൽകർമ്മങ്ങളനുഷ്ഠിക്കുകയും മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുക

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ
وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ

**ഞാ**നോതിയ ഈ വചനത്തിൽ അല്ലാഹു പറയുന്നു: മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ലകാര്യങ്ങൾ നിർദ്ദേശിക്കുകയും ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (*3:111*)

അതായത്, മുസ്‌ലിംകൾ എന്നവകാശപ്പെടുന്ന നാം ഉത്തമരാണ്. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതരായ മസീഹിനേയും മഹ്ദിയേയും നമ്മൾ വിശ്വസിച്ചിരിക്കുന്നു. അദ്ദേഹം മുസ്‌ലിംകൾ മറന്നുപോയ ഇസ്‌ലാമികാധ്യാപനങ്ങളെ വീണ്ടും നടപ്പിൽവരുത്തി. അതുകൊണ്ടുതന്നെ മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹിനെ വിശ്വസിച്ചതിനുശേഷം നാം ഉത്തമരായ ജനങ്ങളായിത്തീർന്നു. അങ്ങനെ ഹസ്റത്ത് ആദം(അ) മുതൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)വരെയുള്ള എല്ലാ പ്രവാചകന്മാരേയും വിശ്വസിച്ചുകൊണ്ട് അല്ലാഹുവിലുള്ള പരിപൂർണ്ണവിശ്വാസം നമ്മൾ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിനുശേഷം നമ്മുടെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. പ്രത്യുത അഹ്മദീ മുസ്‌ലിംകളെന്ന പ്രഖ്യാപനത്തിനുശേഷം നമ്മുടെ ഉത്തരവാദിത്തങ്ങൾ കൂടുതൽ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. കാരണം, മറ്റുള്ളവർക്ക് നന്മകളുടെ സന്ദേശം എത്തിക്കുകയും തിന്മയിൽനിന്ന് അവരെ തടയുകയും മറ്റുള്ളവരെക്കുറിച്ച് എപ്പോഴും സദ്വിചാരം വെച്ചുപുലർത്തുകയും ചെയ്യുന്ന ഉത്തമസമൂഹമാണ് നിങ്ങളെന്ന് അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളേയും നിങ്ങളുടെ ഭാര്യാമക്കളേയും നിങ്ങളുടെ കുടുംബത്തേയും നിങ്ങളുടെ ഗോത്രത്തേയും നിങ്ങളുടെ ദേശക്കാരേയും കുറിച്ച് മാത്രമല്ല ചിന്തിക്കുന്നത്. മറിച്ച്, ഏതു കുടുംബക്കാരനായാലും ഏതു ഗോത്രക്കാരനായാലും അവനോടു നന്മ ചെയ്യണമെന്നും ഓരോരുത്തരുടേയും മനസ്സ് കീഴ്പെടുത്തണമെന്നും നിങ്ങൾ കരുതുന്നു. ഇതുകൊണ്ടാണ് നിങ്ങൾ നല്ലവരായിത്തീർന്നത്. ഹൃദയം ജയിച്ചടക്കുന്നതിന് ആരോടും ഒരുതരത്തിലുള്ള തിന്മയും പ്രവർത്തിക്കാതിരിക്കേണ്ടത് നിർബന്ധമാണ്. നിങ്ങളുടെ ഓരോ കർമ്മങ്ങളിൽ നിന്നും സ്നേഹം ഇറ്റിറ്റുവീഴണം. ഇതെല്ലാം അല്ലാഹുവിന്റെ കല്പനയാണെന്ന വിചാരത്തോടെ നിങ്ങൾ ചെയ്യേണ്ടതാണ്. ഇതുകൂടാതെ നിങ്ങളുടെ ഈമാൻ അഥവാ സത്യവിശ്വാസം പൂർണ്ണമാവുകയില്ല. നോക്കുക, അല്ലാഹു സൃഷ്ടിക്കുകയും നമ്മൾ മുസ്‌ലിംകളാകുകയും ചെയ്തതുകൊണ്ടല്ല നാം ഉത്തമസമുദായമായത്. ഒരുപാട് മുസ്‌ലിംകളെ നമ്മൾ കാണാറുണ്ട്. അവരോട് മുസ്‌ലിമാണോ എന്നു ചോദിച്ചാൽ, ***അൽഹംദുലില്ലാഹ്*** ഞങ്ങൾ മുസ്‌ലിംകളാണെന്ന് പറയും. എന്നാൽ, അവരുടെ കർമ്മങ്ങളിലേക്ക് നോക്കിയാൽ ശയ്ത്വാൻപോലും അവരിൽനിന്ന് ഓടിഅകലുന്നതായി കാണാൻ കഴിയും.

മുസ്‌ലിംസമുദായത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ അംഗമാകുന്നതിന് സൽക്കർമ്മം ചെയ്യേണ്ടതും ദുഷ്ക്കർമ്മങ്ങൾ ഉപേക്ഷിക്കേണ്ടതും നിർബന്ധമാണ്. സ്വന്തം കർമ്മങ്ങൾ ഇങ്ങനെയാക്കിത്തീർക്കുമ്പോഴാണ് മറ്റുള്ളവരോട് സൽക്കർമ്മങ്ങൾ ചെയ്യാൻ പറയാനും തിന്മയിൽനിന്ന് അവരെ തടയാനുമുള്ള അവകാശം നിങ്ങൾക്കുണ്ടാകുന്നത്. അല്ലാതെകണ്ട് നിങ്ങൾ അവരെ എത്ര നന്നാക്കിത്തീർക്കാൻ ശ്രമിച്ചാലും കിട്ടുന്ന മറുപടി, നിങ്ങൾ നിങ്ങളെ ആദ്യം നന്നാക്കിത്തീർക്കുക എന്നതായിരിക്കും.

ജനങ്ങളെ വഞ്ചിച്ചോ അല്ലാഹുവിനെ വഞ്ചിച്ചോ ഉത്തമസമുദായത്തെ വാർത്തെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് നിങ്ങളെ സ്വയം നന്നാക്കിത്തീർക്കുന്നതിനും സ്വന്തം ജമാഅത്തിനെ

ശക്തിപ്പെടുത്തുന്നതിനും വേണ്ടി നല്ലനല്ല കാര്യങ്ങൾ സ്വായത്തമാക്കുക. എന്നിട്ടത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. നന്മകളിലൂടെ നടന്നും തിന്മകളിൽ നിന്ന് രക്ഷപ്പെട്ടും അത്തരം കർമ്മങ്ങൾ ചെയ്യുമ്പോൾ എല്ലാ പ്രയാസങ്ങളിലും എളുപ്പം അനുഭവപ്പെടുന്നതാണ്. ജമാഅത്തിന്നുള്ളിലും നല്ല തർബിയ്യത്ത് അഥവാ ശിക്ഷണം നടന്നുകൊണ്ടിരിക്കും. കാരണം ദുഷ്ക്കർമ്മങ്ങളെ തടഞ്ഞുകൊണ്ട് സൽക്കർമ്മങ്ങളായിരിക്കും നടപ്പിൽ വന്നുകൊണ്ടിരിക്കുന്നത്. ഈ സൽക്കർമ്മങ്ങൾ നിരവധിയുണ്ട്. വിശുദ്ധഖുർആനിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. ഉദാഹരണത്തിന് അയൽവാസിയോടുള്ള സൽപെരുമാറ്റം, ജമാഅത്ത്മുതലിന്റെ സംരക്ഷണം, മറ്റുള്ളവർക്കു വേണ്ടിയുള്ള ത്യാഗം, മറ്റു മനുഷ്യരോടുള്ള സഹതാപം, മറ്റുള്ളവരെക്കുറിച്ച് സദ്‌വിചാരം വെച്ചുപുലർത്താനുള്ള പാഠം, സത്യം പറയൽ, മറ്റുള്ളവർക്ക് പൊറുത്തുകൊടുക്കൽ, ക്ഷമ കൈക്കൊള്ളൽ, നീതിപൂർവ്വം പ്രവർത്തിക്കൽ, മറ്റുള്ളവരോട് നന്മ പ്രവർത്തിക്കൽ, വാഗ്ദാനം പൂർത്തീകരിക്കൽ, ചിന്താപരവും ശാരീരികവുമായ എല്ലാതരം അഴുക്കുകളിൽനിന്നും സ്വയം പരിശുദ്ധമാക്കിവയ്ക്കൽ. മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കണമെന്നും തരംതാണ പ്രവർത്തികൾ ചെയ്യണമെന്നുമുള്ള വിചാരമാണ് ചിന്താപരമായ മാലിന്യം.

നല്ലകാര്യങ്ങൾ പറഞ്ഞ് സമൂഹങ്ങൾ പരസ്പരം സ്നേഹവും സന്തോഷവും വളർത്തുകയും ബന്ധുമിത്രാദികളോടും അയൽവാസികളോടും കൂടെ തൊഴിലെടുക്കുന്നവരോടും നല്ലരീതിയിൽ പെരുമാറുകയും ചെയ്യുക എന്നത് നല്ല സ്വഭാവമാണ്. സാമ്പത്തികശേഷിയുള്ളവർ ദരിദ്രരെ ശ്രദ്ധിക്കേണ്ടതാണ്. ഈ അദ്ധ്യാപനങ്ങളെല്ലാം ലോകത്തു പരത്തുകയും വേണം. ഇപ്രകാരംതന്നെ നിരവധി ദുഷ്ക്കർമ്മങ്ങളെക്കുറിച്ചും ഖുർആൻ പറയുന്നുണ്ട്. ഇതിൽനിന്നെല്ലാം സ്വയം പിന്മാറുകയും മറ്റുള്ളവരെ പിൻമാറ്റാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. കാരണം സൽക്കർമ്മങ്ങൾ സ്വായത്തമാക്കാൻ ദുഷ്ക്കർമ്മങ്ങൾ ഉപേക്ഷിക്കേണ്ടത് നിർബന്ധമാണ്. ആ ദുഷ്ക്കർമ്മങ്ങളിൽ ചിലതിനെക്കുറിച്ച് പറയാം. അവ ഒരു സത്യവിശ്വാസിയിൽ ഉണ്ടാകാൻ പാടില്ലെന്ന് അല്ലാഹുതആല പറയുന്നു. ഉദാഹരണത്തിന് പിശുക്ക്. (അതായത് സാമ്പത്തികശേഷി ഉണ്ടായിട്ടും മറ്റുള്ളവരുടെ ആവശ്യം കണ്ടിട്ട് സഹായിക്കാതിരിക്കുക. ഇല്ലെങ്കിൽ ജമാഅത്തിന് ചന്ദ കൊടുക്കുന്ന കാര്യത്തിൽ കൈകളെ തടഞ്ഞുവെക്കുക.) തെറ്റുധാരണ വെച്ചുപുലർത്തുക. ഒരു കാരണവുമില്ലാതെ മറ്റുള്ളവരുടെമേൽ ആരോപണം ഉന്നയിക്കുക. മറ്റുള്ളവരെ തരംതാണവരായി മനസ്സിലാക്കുക. അസൂയപ്പെടുക. നിരർത്ഥകമായ കാര്യങ്ങൾ പുലമ്പുക. (ഇതുമുഖേന, സ്വന്തം നിലയിലും ജമാഅത്തിനും ഗുണം ഉണ്ടാകുന്നതിനുപകരം ദോഷമാണ് ഉണ്ടാകുന്നത്.) പരദൂഷണം പറയുക. കള്ളം പറയുക. (കളവ് വലിയൊരു ശാപമാണ്. അതു മനുഷ്യനെ മറ്റു പാപങ്ങളിലും അകപ്പെടുത്തുന്നു.) വിശ്വാസവഞ്ചന ചെയ്യുക. (ഇതിൽ കണ്ണുകൾ കാണിക്കുന്ന വഞ്ചനയുമുണ്ട്.) പുരുഷൻ ചീത്തദൃഷ്ടിയോടെ സ്ത്രീകളെ നോക്കുക. വിശ്വസിച്ചേല്പിച്ച മുതലിൽ വഞ്ചന ചെയ്യുക. (ഇതിൽ ഒരുപാട് മറ്റുകാര്യങ്ങളും പെടുന്നു. ഉദാഹരണത്തിന്, തന്നിലർപ്പിതമായ ജോലി ശരിയായനിലയിൽ ചെയ്യാതിരിക്കുക.) ഇക്കാരണങ്ങളാൽ ഞാൻ പറഞ്ഞതുപോലെ സൽക്കർമ്മങ്ങൾ സ്വായത്തമാക്കുന്നതിന് ദുഷക്കർമ്മങ്ങൾ ഉപേക്ഷിക്കേണ്ടതായി വരും. കാരണം സൽക്കർമ്മങ്ങളും ദുഷ്ക്കർമ്മങ്ങളും ഒരിടത്ത് സമ്മേളിക്കുകയില്ല. അതുകൊണ്ട് ഏതെങ്കിലും സൽക്കർമ്മങ്ങൾ സ്വായത്തമാക്കാൻ അവസരം കിട്ടുമ്പോൾ, അതിനോടൊപ്പം കുറച്ച് ദുഷ്ക്കർമ്മങ്ങൾ അകറ്റാനും എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം ഓരോ അഹ്മദിയുടേയും മനസ്സ് ഓരോ ദുഷ്ക്കർമ്മങ്ങളിൽനിന്നും പരിശുദ്ധമായിത്തീരും. നന്മ കല്പിക്കാനും ദോഷങ്ങളെ തടയാനുമാണ് ഒരു അഹ്മദി മുസ്ലിം കല്പിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ഒന്നാമതായി തന്നെ സ്വയം പരിശുദ്ധനാക്കുകയും നന്മകൾ സ്വായത്തമാക്കുകയും ചെയ്യേണ്ടിവരും. അപ്പോഴാണ് മറ്റുള്ളവരോട് കല്പിക്കാൻ കഴിയുക. ഇല്ലെങ്കിൽ കപടവിശ്വാസിയുടെ ഇരട്ടത്താപ്പ് നയത്തിന് നമ്മൾ ഇരയായിരിക്കും. വാഗ്ദാനലംഘനത്തെക്കുറിച്ച് നബി(സ) തിരുമേനി ശക്തമായ അറിയിപ്പ് നല്കിയിരിക്കുന്നു. അത്തരക്കാർ ജഹന്നമി അഥവാ നരകാവകാശികളാണ്. അവരുടെ വാക്കും പ്രവൃത്തിയും വൈരുദ്ധ്യമായിരിക്കും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂവായിൽ(റ) ഹസ്റത്ത് ഉസാമാബിൻ സയ്ദ്(റ)ൽ നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. പുനരുത്ഥാനനാളിൽ ഒരാളെ കൊണ്ടുവരും. പിന്നീട് അയാളെ നരകത്തിലേക്കെറിയും. അയാളുടെ കുടലുകളെല്ലാം പുറത്തുചാടും. കഴുത അതിന്റെ കുറ്റിയുടെ ചുറ്റും വട്ടംകറങ്ങുന്നതുപോലെ അതയാളുടെ ചുറ്റും വട്ടംകറങ്ങും. പിന്നീട് നരകവാസികൾ അയാൾക്കുചുറ്റും കൂടും. എന്താണ് നിന്റെ പ്രശ്നമെന്ന് അവർ അയാളോട് ചോദിക്കും.

നീ ഞങ്ങളോട് നല്ല കാര്യങ്ങൾ ചെയ്യാനും അനിഷ്ട കരമായ കാര്യങ്ങൾ ഉപേക്ഷിക്കാനും കല്പിച്ചിരുന്നില്ലേ? അപ്പോൾ അയാൾ പറയും. "നല്ല കാര്യങ്ങൾ ചെയ്യാൻ ഞാൻ നിങ്ങളോട് കല്പിച്ചിരുന്നു. പക്ഷേ, ഞാൻ സ്വയം നല്ലകാര്യങ്ങൾ ചെയ്തിരുന്നില്ല. ഞാൻ നിങ്ങളെ അനിഷ്ടകരമായ കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് തടഞ്ഞിരുന്നു. പക്ഷേ, ഞാൻ സ്വയം അതു ചെയ്തിരുന്നു."

നോക്കുക, ഏതുരീതിയിലാണ് ഭയപ്പെടുത്തി പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് സൽക്കാര്യങ്ങൾ ചെയ്യാൻ മറ്റുള്ളവരോട് കല്പിക്കുന്ന ഓരോ അഹ്മദിയും സ്വമേധയാ സൽക്കാര്യങ്ങൾ ചെയ്യേണ്ടതുമാണ്. പ്രത്യേകിച്ച് ജമാഅത്തിന്റെ ഉത്തരവാദിത്തങ്ങൾ കൂടുതൽ സൂക്ഷ്മതയോടുകൂടി ചെയ്യേണ്ടതാണ്. സ്വപരിവർത്തനത്തിലേക്ക് ശ്രദ്ധിച്ചും ദൈവസന്നിധിയിൽ പ്രാർത്ഥിച്ചും അവന്റെ അനുഗ്രഹം തേടേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ മുന്നറിയിപ്പ് കേട്ടിട്ടും ആർക്കും ചിന്തയുണ്ടാകുന്നില്ലെങ്കിൽ, ഞാൻ നന്നായിട്ടുമാത്രമെ മറ്റുള്ളവരെ ഉപദേശിക്കുകയുള്ളൂ എന്നു കരുതി മൗനം പാലിക്കുകയാണെങ്കിൽ അതും ശരിയല്ല. അങ്ങനെയായാൽ മനുഷ്യൻ തന്റെ പരിവർത്തനത്തെ സംബന്ധിച്ച് കൂസലില്ലാത്തവനായിത്തീരും. അതുകൊണ്ടാണ് ഉപദേശിക്കുന്നതിനോടൊപ്പം സ്വയം പരിവർത്തനം വരുത്തുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കാൻ അല്ലാഹു കല്പിച്ചിട്ടുള്ളത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! നിങ്ങൾ നിർബന്ധമായും നല്ല കർമ്മങ്ങൾ ചെയ്യുകയും അനിഷ്ടകരമായ കാര്യങ്ങളെ വിലക്കുകയും ചെയ്യുക. എന്നാൽ, അല്ലാഹു നിങ്ങളുടെമേൽ ശിക്ഷയിറക്കുകയില്ല. ശിക്ഷ ഇറങ്ങിയതിനുശേഷമാണ് നിങ്ങൾ ദുആ ചെയ്യുന്നതെങ്കിൽ, നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുകയില്ല. അതുകൊണ്ട് വരും കാലങ്ങളിൽ സംഭവിക്കാനിടയുള്ള എല്ലാ നാശങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനായി, നല്ലകാര്യങ്ങളിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ദോഷകാര്യങ്ങളിൽനിന്ന് അവരെ തടയുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പറയുന്നു: ഇക്കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെമേൽ ശിക്ഷവന്നേക്കാം. അപ്പോൾ ദുആയും സ്വീകരിക്കപ്പെടുകയില്ല. ഇതിന്റെ ഉദ്ദേശ്യം പുണ്യകർമ്മം ചെയ്യുന്ന കാരണത്താൽ നിങ്ങളുടെ ദുആയും സ്വീകരിക്കപ്പെടുന്നുവെന്നാണ്. നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടാകും. സൽക്കർമ്മങ്ങൾ ചെയ്യാനും പ്രചരിപ്പിക്കാനും അപ്രകാരംതന്നെ ദുഷ്ക്കർമ്മങ്ങളിൽനിന്ന് സ്വയം രക്ഷിക്കാനും മറ്റുള്ളവരെ തടയാനും നബി(സ) എത്രമാത്രം പറഞ്ഞിരിക്കുന്നുവെന്നാൽ, ഈ പ്രവൃത്തി ചെയ്യാത്തവരുമായി തനിക്കൊരു ബന്ധവുമില്ലെന്നുവരെ അവിടന്ന് വ്യക്തമാക്കിയിരിക്കുന്നു. ഏറ്റവും ചെറിയ കാര്യത്തിൽപോലും നന്മ പ്രവർത്തിക്കാൻ അവിടന്ന് നിർദ്ദേശിച്ചു. ഒരു നിവേദനത്തിൽ അവിടന്ന് പറഞ്ഞു: നമ്മുടെ കുട്ടികളുടെമേൽ കരുണകാണിക്കാത്തവനും നമ്മുടെ വലിയവരോട് ആദരവോടെ പെരുമാറാത്തവനും നല്ല കാര്യങ്ങൾ കല്പിക്കാത്തവനും അനിഷ്ടകരമായ കാര്യങ്ങൾ വിലക്കാത്തവനും നമ്മിൽപ്പെട്ടവനല്ല. കുട്ടികളോട് നല്ലരീതിയിൽ പെരുമാറുന്നതും സൽക്കർമ്മങ്ങളിൽ ഒരു കർമ്മമാണ്. ഇപ്രകാരം തന്നെ വൃദ്ധരേയും പ്രായംചെന്നവരേയും പുണ്യാത്മാക്കളേയും ആദരിക്കേണ്ടതാണ്. കല്പിച്ചിട്ടുള്ള നല്ല കാര്യങ്ങൾ ചെയ്യേണ്ടത് നിർബന്ധമാണ്. വിലക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യാതിരിക്കേണ്ടതാണ്. ഇങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ലെന്ന് നബി (സ) തിരുമേനി പറഞ്ഞിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു:

"ദൈവഹിതത്തിനു വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ പറയുന്നതിൽനിന്ന് നാവിനെ തടയുന്നതുപോലെതന്നെ നിർബന്ധമായ കാര്യമാണ് സത്യം വെളിപ്പെടുത്തുന്നതിനായി അതിനെ തുറക്കുക എന്നതും. '***യഅ്മുറൂനബിൽമഅ്റൂഫി വ യൻഹൗന അനിൽമുനകറി***' സത്യവിശ്വാസികളുടെ അലങ്കാരമാണിത്. നല്ല കാര്യങ്ങൾ ഉപദേശിക്കുകയും ചീത്തകാര്യങ്ങൾ വിലക്കുകയും ചെയ്യുന്നതിനുമുമ്പേ, മനുഷ്യൻ സ്വന്തം കർമ്മപരമായ അവസ്ഥകളിലൂടെ അതിനുള്ള ശക്തി തന്നിലുണ്ടെന്ന് തെളിയിച്ചുകാണിക്കേണ്ടതാണ്. മറ്റുള്ളവരുടെമേൽ തന്റെ സ്വാധീനശക്തി പ്രയോഗിക്കുന്നതിനുമുമ്പേ സ്വന്തം അവസ്ഥ സ്വാധീനംചെലുത്തുന്നതാക്കി മാറ്റണം. നല്ലകാര്യങ്ങൾ കല്പിക്കുന്നതിൽനിന്നും ചീത്തകാര്യങ്ങൾ വിലക്കുന്നതിൽനിന്നും നാവിനെ ഒരിക്കലും തടയരുത്. അതിനോടൊപ്പം സ്ഥലവും സന്ദർഭവും നോക്കേണ്ടതും നിർബന്ധമാണ്. പറയുന്നരീതി മൃദുവായതും ശക്തിയുൾക്കൊള്ളുന്നതുമായിരിക്കണം. ഇപ്രകാരംതന്നെ തഖ്‌വയക്കെതിരിൽ വായ തുറക്കുന്നതും കഠിനമായ പാപമാണ്. അതായത് സത്യം പറയുന്നതിന് ഒരിക്കലും ഭീരുത്വം കാണിക്കരുത്. കാരണം തന്റേടത്തോടുകൂടി നന്മകൾ പരത്തുന്നതും, അത് ചെയ്യാൻ കല്പിക്കുന്നതും തിന്മകളെ തടയുന്നതും ഒരു നിലയും വില

യുമുള്ള പ്രവൃത്തിയാണ്. അതുമുഖേന സത്യവിശ്വാസിയെ തിരിച്ചറിയാൻ കഴിയും. എന്നാൽ, സത്യവിശ്വാസിയുടെ കർമ്മവും അതിനനുസരിച്ചായിരിക്കണം. സ്വന്തം കർമ്മംകൂടി ഉണ്ടാകുമ്പോഴാണ് സത്യം നിലനാട്ടപ്പെടുന്നത്. കർമ്മം ഉണ്ടാകുമ്പോൾ പിന്നെ നിർബന്ധിക്കേണ്ട ആവശ്യമുണ്ടാകുകയില്ല. അത്തരം വ്യക്തിയുടെ ഉപദേശം ജനങ്ങളിൽ സൽഫലമുളവാക്കും." ഇതുതന്നെയാണ് അവിടന്ന് ഉപദേശിച്ചത്. മനസ്സിലാക്കിക്കൊടുക്കുന്നവരുടെ മനസ്സിൽ തഖ്‌വയും നന്മയും ഭയവും ഉണ്ടാകുകയും അവസരോചിതം സംസാരിക്കുകയും ചെയ്യുകയാണെങ്കിൽ നല്ല കാര്യങ്ങൾക്ക് പ്രതികരണമുണ്ടാകും. പക്ഷേ, സ്ഥലവും സന്ദർഭവും അനുസരിച്ച് ഉപദേശിക്കേണ്ടത് നിർബന്ധമാണ്. എന്തെങ്കിലും തിന്മ കണ്ടുകൊണ്ട് ജനങ്ങളുടെ മുമ്പിൽവെച്ച് ഉപദേശിക്കാനും ദേഷ്യപ്പെടാനും ചെന്നാൽ ഒരു ഫലവും ചെയ്യുകയില്ല. എന്നല്ല ആദ്യത്തെക്കാൾ കൂടുതൽ അയാൾ തിന്മ ചെയ്യാൻ തുടങ്ങിയെന്നുംവരാം. അതുകൊണ്ട് കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനും അവസരവും സമയവും നോക്കേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെ പ്രവൃത്തിച്ചാൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ ദയയ്ക്കും അർഹരായിത്തീരും. സൽക്കർമ്മങ്ങൾ ചെയ്യുന്നവന്റെമേൽ താൻ തീർച്ചയായും കരുണ ചെയ്യുമെന്ന് അല്ലാഹു മറ്റൊരിടത്ത് പറയുന്നുണ്ട്.

ചുരുക്കത്തിൽ, എല്ലാത്തരം തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും എല്ലാത്തരം നന്മകളും സ്വായത്തമാക്കുന്നതിനും അല്ലാഹു കല്പിക്കുന്നു. ഈ സൽക്കർമ്മങ്ങൾക്കും ദുഷ്ക്കർമ്മങ്ങൾക്കുമുള്ള ഉദാഹരണങ്ങളും ഞാൻ പറയുകയുണ്ടായി. ചുരുങ്ങിയനിലയിൽ അവയുടെ പേരുകളും പറഞ്ഞു. ഇനി സമയമനുസരിച്ച് ആ തിന്മകളിൽ ചിലതിനെ ചെറുതായി വിശദീകരിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഉദാഹരണത്തിന് പരദൂഷണം. ഒരാളുടെ അസാന്നിധ്യത്തിൽ അയാളെക്കുറിച്ച് ചീത്തവാക്കുകളാൽ സ്മരിക്കുക. ആ തിന്മ അയാളിലുണ്ടാവട്ടെ, ഉണ്ടാവാതിരിക്കട്ടെ. ഒരാളുടെ ഏതെങ്കിലും തിന്മയെക്കുറിച്ച് അയാളുടെ അസാന്നിധ്യത്തിൽ പറയുന്നത് പരദൂഷണമാണ്. നബി(സ) തിരുമേനി ജനങ്ങളിൽനിന്ന് ബയ്അത്ത് അഥവാ അനുസരണപ്രതിജ്ഞ വാങ്ങുമ്പോൾ, പരദൂഷണം പറയുകയില്ലെന്ന കാര്യത്തിൽ പ്രത്യേകം പ്രതിജ്ഞയെടുപ്പിച്ചിരുന്നു. നോക്കുക, എത്രമാത്രം പ്രാധാന്യമാണ് ഇതിനുള്ളത്. കാരണം ഈ തിന്മ മുഖേന സമൂഹത്തിൽ ഛിദ്രത തലപൊക്കുകയും പരസ്പരം വെറുപ്പുണ്ടാകുകയും ചെയ്യുന്നു. ചിലപ്പോൾ ജമാഅത്തിലും ഫിത്നയ്ക്ക് അത് കാരണമാകുന്നു. ഇക്കാരണത്താലാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ തിന്മയെ സംബന്ധിച്ച് വളരെ ശക്തിയോടുകൂടി മനസ്സിലാക്കിത്തന്നത്. അവിടന്ന് പറയുന്നു:

ഏതെങ്കിലും സഹോദരന്റെ ന്യൂനത കണ്ടാൽ നമ്മുടെ ജമാഅത്ത് അയാൾക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ന്യൂനത പറഞ്ഞുനടക്കുന്നവർ പാപികളാണ്. അകറ്റാനാവാത്ത ഒരു ദുഷ്കർമ്മവും ഇല്ല. അതുകൊണ്ട് എപ്പോഴും ദുആ മുഖേന മറ്റു സഹോദരങ്ങളെ സഹായിക്കേണ്ടതാണ്. അവിടന്ന് പറയുന്നു: ഒരു സൂഫീവര്യന് രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. ഒരുത്തൻ മദ്യപിച്ച് ബോധംകെട്ട് കാനയിൽ വീണു. രണ്ടാമത്തവൻ സൂഫീവര്യന്റെയടുക്കൽവന്ന് പരാതിപ്പെട്ടു. സൂഫിവര്യൻ പറഞ്ഞു: നീ ബുദ്ധിയില്ലാത്തവനാണ്. അയാളെക്കുറിച്ച് പരാതിപ്പെടുന്നു. അവനെ പൊക്കിയെടുത്തുകൊണ്ടുവരാമായിരുന്നില്ലേ? അയാൾ ഉടനെപോയി. അവനെ കാനയിൽനിന്ന് പൊക്കിയെടുത്തുകൊണ്ടുവന്നു. ആ സൂഫീവര്യൻ പറയുന്നു: ഒരുത്തൻ അധികം മദ്യപിച്ചു; രണ്ടാമത്തവൻ കുറച്ചും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നീ എന്തിനാണ് നിന്റെ സഹോദരനെക്കുറിച്ച് പരദൂഷണം പറഞ്ഞതെന്നായിരുന്നു സൂഫീ ചോദിച്ചതിന്റെ താൽപര്യം. നബി(സ) തിരുമേനിയോട് എന്താണ് പരദൂഷണം എന്ന് ചോദിച്ചു. അവിടന്ന് പറഞ്ഞു: ആരുടെയെങ്കിലും സത്യമായ കാര്യം അയാളുടെ അസാന്നിധ്യത്തിൽ, അയാൾ സന്നിഹിതനാണെങ്കിൽ അയാൾക്ക് വിഷമമുണ്ടാക്കുംവിധം പറയുകയെന്നതാണ് പരദൂഷണം. പറഞ്ഞ കാര്യം അയാളിൽ ഇല്ലെങ്കിൽ അത് കറ്റുകെട്ടിപ്പറയലാണ്. അല്ലാഹു പറയുന്നു:

***വലാ യഗ്‌തബ്ബഅ്ളുക്കും ബഅ്ളൻ അയുഹിബ്ബു അഹദുക്കും അൻയ്യഅ്കുല ലഹ്മ അഖീഹി മയ്ത്താ.*** നിങ്ങളിൽ ചിലർ മറ്റുചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം തിന്നാനിഷ്ടപ്പെടുമോ? (*49:13*)

ഇതിൽ പരദൂഷണത്തെ, ഒരു സഹോദരന്റെ ഇറച്ചി തിന്നുന്നതിനോട് സാദൃശ്യപ്പെടുത്തിപ്പറഞ്ഞിരിക്കുന്നു. ദൈവികമായ ജമാഅത്തിൽ പരദൂഷണം പറയുന്നവരും തീർച്ചയായുമുണ്ടാകുമെന്ന് ഈ ആയത്ത് വെളിവാക്കുന്നു. അങ്ങനെയല്ലെങ്കിൽ ഈ വചനം നിരർത്ഥകമാണ്. സത്യവിശ്വാസികളിൽനിന്ന് ഒരു തിന്മയും ഉണ്ടാകാതെ എല്ലാവരും പരിശുദ്ധന്മാരാകുകയാണെങ്കിൽ ഈ വചനത്തിന്റെ ആവശ്യ

മെന്താണ്. അവിടന്ന് പറഞ്ഞു: ദൗർബല്യക്കാരായ ചിലരുണ്ട്. അല്ലെങ്കിൽ, കഠിനമായ രോഗത്തിൽനിന്ന് ചിലർ എഴുന്നേറ്റുവരുന്നവരാണ്. അല്പം ശക്തി ചിലരിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ബലഹീനതയുള്ള ആരെയെങ്കിലും കണ്ടാൽ അയാളെ രഹസ്യമായി ഉപദേശിക്കേണ്ടതാണ്. അയാൾ ഉപദേശം സ്വീകരിക്കുന്നില്ലെങ്കിൽ അയാൾക്കുവേണ്ടി ദുആ ചെയ്യുക. രണ്ട് കാര്യങ്ങൾ കൊണ്ടും പ്രയോജനമില്ലെങ്കിൽ അത് ദൈവവിധിയാണെന്ന് മനസ്സിലാക്കുക. അല്ലാഹു വെറുതെ വിട്ടിരിക്കുന്ന സ്ഥിതിക്ക്, നിങ്ങൾ കുറ്റവും കുറവും കണ്ട് ദേഷ്യപ്പെടേണ്ട ആവശ്യമില്ല. അയാൾ നന്നായിത്തീരാൻ സാധ്യതയുണ്ട്. ഖുത്ബിൽനിന്നും അബ്ദാലിൽനിന്നും (ആ സ്ഥാനലബ്ധിക്കു മുമ്പേ) ചിലപ്പോൾ ദോഷങ്ങളുണ്ടാകാം. എന്നല്ല '***അൽഖുത്ബുഖദ്‌യസ്നീ***' ഖുത്ബിൽ നിന്നും വ്യഭിചാരമുണ്ടാകാമെന്നും എഴുതിയിരിക്കുന്നു. ഒരുപാട് കള്ളന്മാരും വ്യഭിചാരികളും അവസാനം ഖുത്ബും അബ്ദാലുമായിട്ടുണ്ട്. ധിറുതിയിലും തിടുക്കത്തിലും ആരെയെങ്കിലും ഉപേക്ഷിച്ചുതള്ളുക എന്നത് നമ്മുടെ രീതിയല്ല. ആരുടെയെങ്കിലും കുട്ടി ചീത്തയായാൽ അവനെ നന്നാക്കിയെടുക്കാൻ അവർ പൂർണ്ണമായും പരിശ്രമിക്കുന്നു. ഇപ്രകാരം ഒരു സഹോദരനേയും ഉപേക്ഷിച്ചുതള്ളിക്കളയാൻ പാടില്ല. അവരെ നന്നാക്കിയെടുക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ന്യൂനതകൾ കണ്ടാൽ അത് പ്രചരിപ്പിച്ചും മറ്റുള്ളവരോട് ചർച്ചചെയ്തും നടക്കുക എന്നത് വിശുദ്ധഖുർആന്റെ പാഠമല്ല. അതു പറയുന്നു:

***വ തവാസവ് ബിസ്സബ്രി വതവാസവ് ബിൽ മർഹമ*** അവർ സഹനത്തോടും ദയയോടുംകൂടി ഉപദേശിക്കുന്നു.(*90:18*) മറ്റുള്ളവരുടെ ന്യൂനത കണ്ടിട്ട് അവരെ ഉപദേശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ് മർഹമ. ദുആയ്ക്ക് വലിയ സ്വാധീനശക്തിയാണുള്ളത്. ഒരാളുടെ കുറ്റവും കുറവും നൂറുപ്രാവശ്യം പറഞ്ഞുനടക്കുകയും എന്നാൽ, ഒരുപ്രാവശ്യംപോലും അയാൾക്കായി ദുആ ചെയ്യാതിരിക്കുകയും ചെയ്യുന്നവൻ വളരെയധികം സഹതാപം അർഹിക്കുന്നവനാണ്. കുറഞ്ഞത് നൂറുപ്രാവശ്യം ദുആ ചെയ്തിട്ടേ ആവശ്യമെങ്കിൽ ഒരുവന്റെ കുറവുകൾ പറയാൻപാടുള്ളൂ. അല്ലാഹുതആല ന്യൂനതകൾ മറച്ചുവയ്ക്കുന്നു. അതായത്, ന്യൂനതകളെക്കുറിച്ച് അറിവുണ്ടായിട്ടും അവൻ അത് മറച്ചുവയ്ക്കുന്നു. എന്നാൽ അയൽവാസി, അറിവില്ലാഞ്ഞിട്ടും ബഹളംവെച്ചുനടക്കുന്നു. സത്താർ എന്നത് അല്ലാഹുവിന്റെ പേരാണ്. നിങ്ങൾ ***തഖല്ലഖൂ ബി അഖ്‌ലാഖില്ലാഹ്*** (ദൈവികമായ സവിശേഷഗുണം സ്വായത്തമാക്കുന്നവൻ) ആകണം. കുറ്റങ്ങളേയും കുറവുകളേയും സഹായിക്കുക എന്നതല്ല നാം പറഞ്ഞതിന്റെ ഉദ്ദേശ്യം. പ്രത്യുത, നാം പറഞ്ഞതിന്റെ ഉദ്ദേശ്യം കുറ്റങ്ങളും കുറവുകളും പ്രചരിപ്പിക്കുകയും പരദൂഷണം പറയുകയും ചെയ്യരുതെന്നാണ്. കാരണം, അത് പ്രചരിപ്പിക്കുകയും പരദൂഷണം പറയുകയും ചെയ്യുക എന്നത് പാപമാണെന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. "ശേയ്ഖ് സഅ്ദിക്ക് രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. ഒരാൾ ദൈവജ്ഞാനപരമായ കാര്യങ്ങൾ പറഞ്ഞിരുന്നു. മറ്റെയാൾ അസൂയമൂത്ത് കോപിക്കുമായിരുന്നു. ആദ്യത്തെയാൾ സഅ്ദിയോട് പറഞ്ഞു: ഞാനെന്തെങ്കിലും പറയുമ്പോൾ മറ്റവൻ കോപിക്കുകയും അസൂയപ്പെടുകയും ചെയ്യുന്നു. ശേഖ് മറുപടി പറഞ്ഞു: ഒരുത്തൻ അസൂയപ്പെട്ടുകൊണ്ട് നരകത്തിന്റെ വഴി സ്വീകരിച്ചു. നീയാണെങ്കിൽ പരദൂഷണം പറഞ്ഞു." മറച്ചുവെക്കുന്ന ഗുണമായ സതാരിയത്തും ദയയുടെ അവസ്ഥയായ മർഹമയും പരസ്പരം ചേരുന്നില്ലെങ്കിൽ ഈ പരമ്പര മുന്നോട്ടുപോകുകയില്ല. പരദൂഷണം എത്ര മോശപ്പെട്ട കാര്യമാണെന്ന് ഈ സംഭവങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്.

പിന്നീടുള്ള ഒരു ദോഷമാണ് കളവ് എന്നത്. ഒരാൾ അല്പം പ്രയാസത്തിലായാൽ മതി, അതിൽ നിന്ന് രക്ഷപ്പെടാൻ കളവിന്റെ സഹായം തേടുന്നു. കളവ്, തിന്മയായി കാണുന്നില്ല എന്നതാണ് ആശ്ചര്യാവഹമായ കാര്യം. വാസ്തവത്തിൽ കളവ് എല്ലാ തിന്മയുടേയും വേരാണ്. അതുകൊണ്ടാണ് നബി(സ) എന്തെങ്കിലും ഒരു തിന്മ ഉപേക്ഷിക്കാനുള്ള മാർഗ്ഗം പറഞ്ഞുതരണമെന്ന് ഒരാൾ പറഞ്ഞപ്പോൾ എല്ലാ തിന്മയും ഉപേക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ കളവ് ഉപേക്ഷിക്കാൻ നിർദ്ദേശിച്ചത്. സത്യമേ പറയൂ എന്ന് പ്രതിജ്ഞ ചെയ്യുക. കോടതിയിൽ തെറ്റായ വിവരം നല്കുന്നതും, മോഷണത്തിൽ പിടിച്ചുകഴിഞ്ഞാൽ കളവ് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നതും, ദുസ്സ്വഭാവം എന്തെങ്കിലും ഉണ്ടായാൽ കളവ് പറയുന്നതും ആർക്കെങ്കിലും എതിരിൽ കള്ളസാക്ഷി പറയുന്നതും അനാവശ്യമായി ആരെയെങ്കിലും പ്രയാസങ്ങളിൽ അകപ്പെടുത്തുന്നതും മാത്രമാണ് കളവ് എന്ന് ചിലയാളുകൾ ധരിക്കുന്നു. ഇതെല്ലാം കളവാണെന്നത് തീർച്ചതന്നെ. എന്നാൽ, ചെറിയ ചെറിയ തെറ്റായ കാര്യങ്ങൾ പറയുന്നതും കളവാണ്. നബി(സ) നമുക്ക് ഇതിന്നൊരുദാഹരണം തന്നിരിക്കുന്നു. ഇതിൽനിന്ന് കളവെന്താണെന്ന് മനസ്സിലാക്കാം. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. "വരിക, നിനക്ക് ഇന്നത് തരാമെന്ന് ഒരാൾ

ഒരു കുട്ടിയോട് പറയുകയും എന്നാൽ കുട്ടി വരുമ്പോൾ അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നത് കളവിൽപെട്ടതാണ്.” ഇതാണ് കളവിന്റെ നിർവചനം. ഇനി നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തുന്നതായാൽ നമ്മൾ നിത്യവും എത്രയെത്ര കളവുകളാണ് പറയുന്നതെന്ന് കാണാം. തമാശയായിക്കൊണ്ട് ഇതുപോലുള്ള എത്രയെത്ര കളവുകൾ നമ്മുടെ സംസാരത്തിനിടയിൽ വന്നുകൊണ്ടിരിക്കുന്നു. നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് നാം ആഴത്തിൽച്ചെന്ന് നോക്കുകയാണെങ്കിൽ നമ്മുടെ ഉള്ളിൽനിന്നും നമ്മുടെ കുട്ടികളുടെ ഉള്ളിൽ നിന്നും കളവെന്ന ശാപത്തെ അവസാനിപ്പിക്കാൻ കഴിയുന്നതാണ്. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആനിൽ കളവിനേയും ഒരു മാലിന്യമായും ബിംബമായും പറഞ്ഞിരിക്കുന്നു. പറയുന്നു:

“*ഫജ്തനിബുർരിജ്സ മിനൽഔസാനി വജ്തനിബൂ ഖൗലസ്സൂരി.* നോക്കുക ഇവിടെ കളവിനെ ബിംബത്തിന് സമാനമായിട്ട് വെച്ചിരിക്കുന്നു. (*22:31*) വാസ്തവത്തിൽ കളവും ഒരു ബിംബം തന്നെയാണ്. ഇല്ലെങ്കിൽ സത്യത്തെ വിട്ടുകൊണ്ട് മറ്റു സ്ഥലത്തേക്ക് പോകുന്നതെന്തിനാണ്. ബിംബത്തിന്റെ പിന്നിൽ ഒരു യാഥാർത്ഥ്യവും ഇല്ലാത്തതുപോലെ കളവിന്റെ പിന്നിലും വെള്ള പൂശലല്ലാതെ മറ്റൊന്നും തന്നെയില്ല. കള്ളം പറയുന്നവന്റെ വിശ്വസ്തത നഷ്ടപ്പെട്ടുപോകുന്നു. എത്രമാത്രമെന്നാൽ, അവൻ സത്യം പറഞ്ഞാൽപോലും അതിൽ കളവ് കലർന്നിട്ടുണ്ടാകുമെന്ന് ജനങ്ങൾ കരുതും. കളവ് പറയുന്നവൻ കളവ് കുറയ്ക്കാൻ ശ്രമിച്ചാലും അത്രപെട്ടെന്ന് കുറയ്ക്കാൻ പറ്റുകയില്ല. ദീർഘകാലം പരിശീലനം നടത്തിയെങ്കിൽ മാത്രമെ സത്യം പറയാനുള്ള ശീലമുണ്ടാകയുള്ളൂ.” നോക്കുക. അവിടന്ന് എത്രമാത്രം സത്യമായ കാര്യമാണ് പറഞ്ഞത്. നിത്യജീവിതത്തിൽ നാം അനുഭവിച്ചറിയുന്ന കാര്യങ്ങളാണിത്. കളവ് പറയുന്നവൻ സത്യം പറഞ്ഞാൽപോലും അതും കളവായിട്ടേ ആളുകൾ കരുതുകയുള്ളൂ. ചില ദോഷങ്ങളും ചില ഗുണങ്ങളും വിവരിച്ചതിനുശേഷം അത് രണ്ടും ഒരിടത്ത് സമ്മേളിക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് നബി(സ) പറഞ്ഞതായി നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ തിരുമേനി പറഞ്ഞു. ഈമാനും കുഫ്റും - സത്യവിശ്വാസവും സത്യനിഷേധവും ഒരു മനുഷ്യന്റെ മനസ്സിലും ഒന്നിക്കുകയില്ല. വിശ്വസ്തതയും വിശ്വാസവഞ്ചനയും ഒത്തുചേരുകയുമില്ല.”

ഒന്നാമതായി നബി(സ) പറഞ്ഞത് ഒരാളുടെ മനസ്സിൽ വിശ്വാസമുണ്ടെങ്കിൽ അയാൾ സത്യനിഷേധത്തിന്റെ കാര്യങ്ങൾ പറയുക സംഭാവ്യമല്ലെന്നാണ്. തുടക്കത്തിൽ ഓതിയ ഖുർആനികവചനത്തിൽ നമ്മൾ കണ്ടുവന്നതും അതുതന്നെയാണ്. നന്മ കല്പിക്കുന്നവരും തിന്മയെ തടയുന്നവരും തന്നെയാണ് അല്ലാഹുവിൽ വിശ്വസിക്കുന്നവരെന്ന് അവൻതന്നെ പറഞ്ഞിരിക്കുന്നു. ഇതനുസരിച്ച് ഹൃദയത്തിൽ സത്യനിഷേധം വെച്ചുപുലർത്തുന്നവർ വിശ്വാസികളല്ല. കാരണം അല്ലാഹുവിന്റെ സന്ദേശമായ സത്യവും സത്യനിഷേധികളുടെ പ്രവൃത്തിയായ കളവും ഒരിടത്ത് സമ്മേളിക്കുക സാധ്യമല്ല. ഇതുപോലെതന്നെ ആരുടെയെങ്കിലും ധനം അപഹരിച്ചുതിന്നുക, ഏറ്റെടുത്ത ഉത്തരവാദിത്തങ്ങൾ ശരിയായനിലയിൽ ചെയ്യാതിരിക്കുക തുടങ്ങിയവയും ഈമാന്റെ ഭാഗമായ വിശ്വസ്തതയും ഒരു സത്യവിശ്വാസിയിൽ സമ്മേളിക്കുകയില്ലതന്നെ.

അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് നടക്കുമെന്നും, എല്ലാ നന്മയും സ്വായത്തമാക്കുമെന്നും തിന്മകളെല്ലാം ഉപേക്ഷിക്കുമെന്നും അഹ്മദിമുസ്ലിംകളായ നാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ളവരാണ്. അതിനുവേണ്ടി നാം പരിശ്രമിക്കേണ്ടതാണ്. ഉറച്ചതീരുമാനമെടുക്കുകയും അല്ലാഹുവിൽനിന്ന് അനുഗ്രഹം തേടുകയും ചെയ്താൽ തിന്മകൾ വേർപെടാതിരിക്കുന്ന പ്രശ്നമില്ല. മറ്റുള്ളവർക്ക് നമ്മളെ ഉപദേശിക്കേണ്ടിയും വരികയില്ല. സത്യം സ്വീകരിച്ചുകൊണ്ട് കളവ് പറയാനെങ്ങനെയാണ് കഴിയുക? വിശ്വസ്തരായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ട് വിശ്വാസവഞ്ചന ചെയ്യാൻ കഴിയുന്നതെങ്ങനെ? അഹ്മദികൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചിട്ടുള്ളവരാണ്. ഈ ബയ്അത്തിന്റെ പ്രതിജ്ഞയും ഒരു അമാനത്ത് അഥവാ വിശ്വസിച്ചേല്പിച്ചമുതലാണ്. ഇതിനു വിരുദ്ധം നടന്നും അല്ലാഹുവിന്റെ കല്പനയെ ധിക്കരിച്ചും വിശ്വാസവഞ്ചന ഒരഹ്മദിയും കാണിക്കരുത്. അതുകൊണ്ട് ഓരോ അഹ്മദിയും ദൈവകല്പനയ്ക്കു വിധേയരായി പ്രവർത്തിക്കേണ്ടതാണ്. വ്യക്തിപരമായോ, ജമാഅത്ത്പരമായോ വഞ്ചന കാണിക്കരുത്. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അർപ്പണബോധത്തോടെയും തികഞ്ഞ വിശ്വസ്തതയോടെയും പ്രവർത്തിക്കേണ്ടതാണ്. ജമാഅത്തിന്റെ സാമ്പത്തികവകുപ്പുകൾ കൈകാര്യം ചെയ്യുന്നവർ അങ്ങേയറ്റം വിശ്വസ്തതയോടെ അതിനെ സംരക്ഷിക്കേണ്ടതാണ്.

ഒരിക്കലും വിശ്വാസവഞ്ചന കാണിക്കരുത്. നിങ്ങൾ അമാനത്തുമുതൽ സൂക്ഷിക്കുന്നതിൽ ഉന്നതരായിത്തീരുക. എത്രത്തോളമെന്നാൽ, ഭൗതികമായ ഇടപാടുകൾ ആരെങ്കിലുമായിട്ടുണ്ടായാൽ അവർ നിങ്ങളോടു വിശ്വാസവഞ്ചന ചെയ്താലും നിങ്ങൾ അവരോട് അങ്ങനെ ചെയ്യരുത്. അവരുടെ അമാനത്ത് നിങ്ങളുടെ കൈയിലുണ്ടെങ്കിൽ അത് തിരികെ കൊടുക്കുക. കാര്യം ഇങ്ങനെയൊക്കെയാകുമ്പോൾ ദീനീ കാര്യങ്ങളിൽ നാം എത്രത്തോളം ബോധവാന്മാരാകേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അമാനത്തും ദിയാനത്തും അതായത് അന്യന്റെ മുതൽ വഞ്ചനയാലോ അന്യായമായോ കൈവശപ്പെടുത്തി അവനെ ദ്രോഹിക്കാൻ അനുകൂലിക്കാത്ത ഒരു മനോഭാവമാണിത്. ഈ ഗുണം മനുഷ്യന് ജന്മസിദ്ധമായുള്ള ഒരവസ്ഥയാണെന്ന് സൂക്ഷ്മാവലോകനം ചെയ്യുമ്പോൾ കാണാവുന്നതാണ്. ദുസ്വഭാവങ്ങൾക്ക് വശഗമാവാത്ത ശുദ്ധപ്രകൃതിയോടുകൂടിയ സ്തന്യപാനിയായ ശിശു അന്യന്റെ വസ്തുവിൽ വിരക്തി പ്രദർശിപ്പിക്കുമാറ് തന്റെ തള്ളയല്ലാത്ത ഏത് സ്ത്രീയുടേയും മുലകുടിക്കുന്നതിന് വൈമനസ്യം കാട്ടുന്നു."

നോക്കുക ഈ സ്വഭാവം അല്ലാഹു മനുഷ്യന് ജന്മസിദ്ധമാക്കിയിരിക്കുകയാണ്. അതായത് കാര്യങ്ങളൊന്നുമറിയാത്ത ഒരു ശിശുവും തനിക്കർഹതപ്പെട്ടത് എന്താണെന്ന് തിരിച്ചറിയുന്നു. അന്യസ്ത്രീയുടെ മുലപ്പാൽ കുടിക്കുന്നത് വഞ്ചനയാണെന്ന് അവൻ മനസ്സിലാക്കുന്നു. കുട്ടിക്ക് പാല് കൊടുക്കേണ്ടത് നിർബന്ധമാണെങ്കിൽ സമ്മർദ്ദം ചെലുത്തിയാണ് കുടിപ്പിക്കാറുള്ളത്. എന്നാൽ വലുതായിക്കഴിയുമ്പോൾ മിക്കവരും ചുറ്റുപാടിന്റെ സ്വാധീനം കൊണ്ട് മിക്കകാര്യങ്ങളിലും വിശ്വാസവഞ്ചന കാണിക്കാൻ തുടങ്ങുന്നു. ഈ ചുറ്റുപാടിന്റെ സ്വാധീനം പരിശുദ്ധമാക്കിനിർത്താനും സൽപരിവർത്തനങ്ങൾ ഉണ്ടാക്കാനുമാണ് നബിമാർ വരുന്നത്.

ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്യുകയും വിശ്വസിക്കുകയും ചെയ്ത നമ്മൾ, നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിക്കൊണ്ട് എല്ലാതരം വിശ്വാസവഞ്ചനയിൽനിന്നും നമ്മെ രക്ഷിക്കേണ്ടതാണ്. കളവിൽനിന്നും മറ്റു ദോഷങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. രക്ഷപ്പെട്ടാൽ മാത്രംപോരാ, അല്ലാഹുവിന്റെ കല്പനയനുസരിച്ച്, മറ്റുള്ളവരേയും ആ ദോഷങ്ങളിൽനിന്ന് രക്ഷിക്കേണ്ടതാണ്. ഇതാണ് ഒരു സത്യവിശ്വാസിയുടെ അടയാളമായി അല്ലാഹു പറഞ്ഞിട്ടുള്ളത്. അവർക്കും സൽക്കർമ്മങ്ങൾ പറഞ്ഞുകൊടുക്കേണ്ടതാണ്. അല്ലാഹു ഓരോ അഹ്മദിക്കും അവരവരുടെ വൃത്തത്തിൽ ഇങ്ങനെ പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങളെയെല്ലാം അല്ലാഹുവിന്റെയും റസൂലിന്റെയും പാഠങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ശക്തരായ അഹ്മദികളാക്കിത്തീർക്കട്ടെ.

ഇൻശാഅല്ലാഹ്, അടുത്ത രണ്ടുദിവസം രണ്ട് രാജ്യങ്ങൾ സന്ദർശിക്കാനായി പോകുകയാണ്. സന്ദർശനവിജയത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാ രീതിയിലും അനുഗ്രഹിക്കുമാറാകട്ടെ. എല്ലാ രീതിയിലും സഹായിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 6.5.2005 at Keniya

Translated by: Muhammad Ismail, Alleppey
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala